


# S.D.P.Y.G.V.H.S.S. PALLURUTHY

## ACADEMIC MASTER PLAN

## 2025-26

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ വർഷമായ 2025-26 ൽ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സമൂഹത്തെ മുന്നോട്ട് നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റ ആത്യന്തിക ലക്ഷ്യം. വികാസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകും വിധം വിദ്യാഭ്യാസ പ്രക്രിയയെ രൂപപെടുത്തേണ്ടതുണ്ട്. സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻകുട്ടികൾക്കും നീതിയിലും തുല്യതയിലും അധിഷ്ഠിതമായ ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും ഇടമായി പൊതുവിദ്യാലയങ്ങളെ വികസിപ്പിക്കാൻ കഴിയണം. അതിനു കഴിയണമെങ്കിൽ കുട്ടികളുടെ പൊതുമികവുകൾ ഉൾക്കൊള്ളാനും അവയെ അംഗീകരിച്ച് കൂടുതൽ മികവുള്ളവരാക്കിത്തീർക്കാനും സാധിക്കണം.കൂട്ടായ പ്രവർത്തനത്തിലൂടെ എല്ലാവരുടെയും മികവുകൾ വളർത്താൻ ആവശ്യമായ പഠനപ്രക്രിയയും അന്തരീക്ഷവും ഒരുക്കുന്നതോടൊപ്പം ഓരോ കുട്ടിയുടെയും സവിശേഷ കഴിവുകളെ കണ്ടെത്തി അത് ഏറ്റവും ഉന്നതിയിലേക്ക് എത്തിക്കാൻ അവസരം ഉറപ്പാക്കുക എന്നത് പുതിയ പാഠ്യപദ്ധതിയുടെ മുഖ്യലക്ഷ്യമാണ്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും, കലാരംഗത്തും, കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

# വിദ്യാലയത്തിന്റെ  അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയം | : എസ് . ഡി.പി.വൈ.ജി.വിഎച്ച് . എസ് .പള്ളുരുത്തി |
| ഫോൺ നമ്പർ | :9020307492 |
| സ്കൂൾ കോഡ് | :26057 |
| വിദ്യാഭ്യാസ ഉപജില്ല | : മട്ടാഞ്ചേരി |
| റവന്യൂ ജില്ല | : എറണാകുളം |
| ബി.ആർ.സി | : മട്ടാഞ്ചേരി |
| സി ആർ സി | : w/ഐലന്റ് |
| താലൂക്ക് | : കൊച്ചി |
| ഇ.മെയിൽ | : sdpygirls@gmail.com |
| സ്കൂൾ വിക്കി | : ERNAKULAM[REVENUE DISTRICT]<br>ERNAKULAM(EDUL-DISTRICT)<br>SDPYGVHSS,Palluruthy |

# വിദ്യാലയത്തിന്റെ ലഘുചരിത്രം

1916 മാർച്ച് 8-ന് ഗുരുദേവൻ ശ്രീ ഭവാനീശ്വരക്ഷേത്രത്തിൽ ശിവലിംഗ പ്രതിഷ്ഠ നടത്തിയതോടൊപ്പം ശിലാസ്ഥാപനം നിർവഹിച്ച പ്രൈമറിസ്കൂൾ,1919-ൽ പണിപൂർത്തിയാക്കി വിദ്യാദാനം ആരംഭിച്ചു.1925 മെയ് 18 – ന് ഇത് അപ്പർ പ്രൈമറിസ്കൂളായി ഉയർന്നു.1946 ൽ ഹൈസ്കൂളായി ഉയരുകയും അന്നത്തെ തിരു-കൊച്ചി വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ പനംപിള്ളി ഗോവിന്ദമേനോൻ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. 1966 കാലഘട്ടത്തിൽ ഹൈസ്കൂൾ വിപുലീകരണത്തിനായി കൂടുതൽ ഡിവിഷനുകൾ ആരംഭിച്ചു.1970 കാലഘട്ടത്തിൽ എസ്.ഡി.പി.വൈ.ഹൈസ്കൂൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സ്കൂളായി വിഭജിക്കപ്പെട്ടു. അങ്ങിനെ രൂപം കൊണ്ടതാണ് എസ്.ഡി.പി.വൈ.ഗേൾസ് സ്കൂൾ.ഈ സ്കൂളിലെ പ്രഥമ പ്രധാനാദ്ധ്യാപകൻ യശ: ശരീരനായ ശ്രീ പി. ആർ.കുമാരപിള്ളആയിരുന്നു.അന്ന് പ്രധാനാദ്ധ്യാപകൻഉൾപ്പെടെഏകദേശം 42 അദ്ധ്യാപകരും 1036 കുട്ടികളുമാണ് ഉണ്ടായിരുന്നത്.വളർച്ചയുടെ വിവിധഘട്ടങ്ങൾ പിന്നിട്ട് ഈ സ്കൂൾ 1997-ൽ വൊക്കേഷണൽ ഹയർ സെക്കന്ററിസ്കൂളായി ഉയർന്നു.2002-ൽ അൺ എയ്ഡഡ് പ്ലസ് ടു വിഭാഗവും ഈ സ്കൂളിന് കീഴിൽ പ്രവർത്തനം ആരംഭിച്ചു. ഇന്ന് പ്രധാനാദ്ധ്യാപകൻ ഉൾപ്പെടെ 29 അദ്ധ്യാപകരും 4 അനദ്ധ്യാപകരും 408 കുട്ടികളും ഈ വിദ്യാലയത്തിലുണ്ട്.വൊക്കേഷണൽ ഹയർസെക്കന്ററിയിൽ computer Science,MLT എന്നീ കോഴ്സുകളും അൺഎയ്ഡഡ് പ്ലസ് ടു വിൽ Computer Science, Biology,Commerce + Computer application, commerce + Politics എന്നീ കോഴ്സുകളും വിജയകരമായി നടത്തിപ്പോരുന്നു. സ്കൂൾ മാനേജ്മെന്റും പിടിഎ തുടങ്ങിയവരുടെ സഹകരണവും കുട്ടികളുടെ പഠന പഠ്യേതര മികവ് വളർത്തുന്നതിലും ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിലും സഹായിക്കുന്നു.

**അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ വികസന ലക്ഷ്യങ്ങൾ**

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ്പഠനം അനായാസമാക്കൽ
4. വായനശേഷി വർധിപ്പിക്കൽ
5. ശാസ്ത്രപോഷണപരിപാടി
6. ലബോറട്ടറി നവീകരണം
7. പ്രതിഭാപോഷണപരിപാടി
8. ലൈബ്രറിശാക്തീകരണം
9. സ്കോളർഷപ്പ് പരീക്ഷാ പരിശീലനം
10. ആനുകാലിക വിജ്ഞാനവികസനം
11. പഠനയാത്രകൾ
12. സൂംബപരിശീലനം
13. അധ്യാപകശാക്തീകരണം
14. തൊഴിൽഉദ്ഗ്രഥിത വിദ്യാഭ്യാസം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യശിൽപശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ

# മേഖല :മലയാളം യു പി & എച്ച് എസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | **എന്റെ അവധിക്കാലം**<br>• അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കൽ | ജൂൺ മാസം | മലയാള അദ്ധ്യാപകർ | |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ | • പ്രീ ടെസ്റ്റ് അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാൻ അക്ഷര കാർഡുകൾ നിർമിക്കാൻ<br>• വാക്കുകൾ ചേർത്ത വാക്യങ്ങൾ ആക്കിയ കാർഡുകൾ പ്രദർശിപ്പിക്കുന്നു | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ് | ക്ലാസ് അധ്യാപകർ<br>മലയാള അധ്യാപകർ | |
| വായന താല്പര്യം വളർത്തുക | • പത്രം ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ ക്ലാസ്സിൽ വായിക്കുക<br>• ക്ലാസ് ലൈബ്രറി സന്ദർശനം<br>• ഒരാഴ്ച ഒരു പുസ്തകം എന്ന ക്രമത്തിൽ ക്ലാസ് വായന<br>• വായനക്കുറിപ്പുകൾ എഴുതുന്നു വായനക്കുറിപ്പുകൾ സമാഹാരം ഓരോ ക്ലാസിലും തയ്യാറാക്കുന്നു | എല്ലാ ദിവസവും<br>6 മാസം | ഭാഷാധ്യാപകർ | PTA |
| മലയാളം കമ്പ്യൂട്ടിങ് പരിജ്ഞാനം സർഗാത്മ ശേഷി വളർത്തൽ | • മുഴുവൻ കുട്ടികളെയും മലയാളത്തിൽ ടൈപ്പ് ചെയ്യാൻ പഠിപ്പിക്കുക<br>• ഇ മാഗസിൻ പ്രസിദ്ധീകരിക്കുക | 2 വർഷം | മലയാളം അധ്യാപകർ<br>ഐ.ടി അധ്യാപകർ | |
| | | | | |

| | | | | |
|---|---|---|---|---|
| ➔ കുട്ടികളുടെ ആകാശവാണി | **എസ് ഡി പി വൈ എഫ് എം**<br>• വിശേഷ ദിനങ്ങളിലും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ<br>• കുട്ടികളുടെ രചനകൾ<br>• കുട്ടികളുമായി അഭിമുഖം<br>• സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കൽ<br>• സൽപ്രവർത്തികളെ കുറിച്ചുള്ള വാർത്തകൾ ശേഖരിച്ച് അവതരിപ്പിക്കുന്നു | തുടക്കത്തിൽ ആഴ്ച്ച യിൽ ഒന്ന് പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർ സ്കൂൾ ലീഡർ | P TA |
| സർഗ്ഗ വേളകൾ സർ ഗാത്മമാക്കാ ൻ | ഓരോ ആഴ്ചയിലും ഒന്ന് വീതം എന്ന ക്രമത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ എല്ലാ ക്ലാസിലും നടത്തുന്നു<br>• ചിത്ര രചന -പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരക്കുന്നു<br>• സംഗീത വേദി -കവിത ഈണം നൽകി അവതരിപ്പിക്കൽ<br>• സിനിമാപാട്ട് ,ലളിതഗാനം തുടങ്ങിയവ കഥയരങ്ങ്, കഥപറയൽ കഥ കേൾക്കൽ അവതരണം അഭിനയ കളരി ,പാഠഭാഗം നാടകമാക്കൽ<br>• പ്രസംഗ വേദി -ഇഷ്ടവിഷയങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിക്കാൻ അവസരം | ഓരോ ആഴ്ചയിലും ഓരോന്ന് | | PTA |

# സംസ്കൃതം യു.പി,എച്ച് . എസ് വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരം ഉറപ്പിക്കലിലൂടെ എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനുമുള്ള ശേഷി ഉറപ്പിച്ച് ഭാഷാപരമായ പിന്നാക്കാവസ്ഥയെ പരിഹരിക്കൽ | • അക്ഷരപഠനം,<br>• വായന മത്സരം<br>• മികവുകൾ പരിമിതികൾ കണ്ടെത്തൽ<br>• ക്ലബ്ബ് രൂപീകരണം<br>• രചനാപഠന കളരി | അക്കാദമിക വർഷം | സംസ്കൃതം അധ്യാപിക | |
| കുട്ടികളുടെ സർഗാത്മക വാസന കൂടുതൽ മെച്ചപ്പെടുത്താൻ | • പോസ്റ്റർ,പദകോശം,<br>• ശബ്ദകോശം നിർമ്മാണം<br>• ദിനാചരണം,<br>• അസംബ്ലികൾ | **അക്കാദമിക** വർഷം | സംസ്കൃതം അധ്യാപിക | PTA |
| വായനാശീലം കുട്ടികളിൽ പ്രോത്സാഹിപ്പിക്കാൻ | • ചങ്ങല വായന,<br>• ലൈബ്രറിപുസ്തകവായന,<br>• ചിത്രപദകോശനിർമ്മാണം,<br>• വാചക നിർമ്മാണം,<br>• വായനാ മത്സരങ്ങൾ,<br>• ക്വിസ് മത്സരങ്ങൾ | **അക്കാദമിക** വർഷം | സംസ്കൃതം അധ്യാപിക | PTA |
| സംസ്കൃതോത്സവത്തിനായി കുട്ടികളെ പ്രാപ്തരാക്കാൻ | • വാക്യരചന,ചിത്രസംയോജനം,<br>• വീഡിയോപ്രദർശനം<br>• സംസ്കൃതോത്സവത്തിനായി തയ്യാറെടുക്കൽ | അക്കാദമിക വർഷം | സംസ്കൃതം അധ്യാപിക | PTA |
| കുട്ടികളുടെ സർഗാത്മക വാസന മെച്ചപ്പെടുത്താൻ | • അക്ഷരശ്ലോകസദസ്സ് , നാടകക്കളരി,<br>• കവിതാരചനാപരിശീലനം | **അക്കാദമിക** വർഷം | സംസ്കൃതം അധ്യാപിക | PTA |

# English-HS & UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| To make children read, write and speak English | **Language Enhancement**<br>• Use English as a medium of instruction<br>• Conduct English Assembly twice a month<br>• To enhance club activities,competitions will be held on speech ,poetry writing<br>• seminars will be conducted.<br>• Diary writing for every student | Once in a month | English Teacher | PTA |
| To create spontaneity in language | **English Theatre**<br>• Organising campus for story writing and poetry writing and its exhibition.<br>• To improve creativity of children,discourse like skit,drama,choreography etc. are included in the discourse<br>• News reading<br>• Review of stories | Once in a month | English Teacher | PTA |

| | | | | |
|---|---|---|---|---|
| To use language with grammatical accuracy | • Decided to find extra time to help pupils with grammar | Once in a month | English Teacher | |
| To show case the skill of children | • Poems, stories and other performance can be uploaded in school wiki | Once in a month | English Teacher | |
| To enhance extra reading | • Include English Magazines, books and news paper in class library.<br><br>• Reviews will be asked to prepare | Once in a month | English Teacher | PTA |

| | | | |
|---|---|---|---|
| Improve reading skills | • Providing story books,Reading cards etc.<br>• Allow to read cartoons books of fairy tales | Once in a month | |
| • Develop writing skills | • Encourage them to prepare a class Magazine include their own artistic creations and mini dictionary<br>• Alert zone:<br>Placards,Posters,Notice<br><br>• Runtime Funda:<br>Encourage them to prepare and present their own riddles and naughty questions | Once in a month | PTA |

# മേഖല :ഹിന്ദി യു പി & എച്ച് എസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർധിപ്പിക്കുന്നു | കഥ, കവിത വായനക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| മാതൃഭാഷയെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ ,സിനിമകൾ ഇവ കാണാനുള്ള അവസരം നൽകുന്നു ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| വിവർത്തകൻ, വാർത്താവായനക്കാർ, ജേണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതക്കായി കുട്ടികളെ പ്രാപ്തരാക്കുക | ഹിന്ദി മാതൃഭാഷയായിട്ടുളള പ്രദേശങ്ങളിലേക്ക് പഠനയാത്ര ജേണലിസ്റ്റുകളും ആയി അഭിമുഖം സംഘടിപ്പിക്കുന്നു | അക്കാദമിക വര്ഷം | ഹിന്ദി അധ്യാപകർ | PTA |

# മേഖല :സാമൂഹ്യ ശാസ്ത്രം യു പി & എച്ച് എസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • മുന്നറിവ് പരിശോധിച്ച പരിഹാരബോധനം | • അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ സമുദ്രങ്ങൾ, ,വൻകരകൾ ലോക ഭൂപടത്തിൽ അടയാളപ്പെടുത്തൽ<br>• അക്ഷാംശരേഖകൾ ഡയഗ്രം വരച്ച് അടയാളപ്പെടുത്തൽ<br>• ഭൂപടത്തിൽ ദിക്ക് മനസ്സിലാക്കൽ | ജൂൺ മാസം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| • കുട്ടികളുടെ നൈപുണ്യ വികസനം | • ക്ലബ് രൂപീകരണം | ജൂൺ മാസം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | PTA |
| • വിവിധ ശേഷി വികസനം | • ദിനാചാരണങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | PTA |
| സാമൂഹ്യശാസ്ത്രപഠനം കാര്യക്ഷമമാക്കാൻ നൂതന അറിവുകൾ കണ്ടെത്തൽ പ്രദർ ശിപ്പിക്കൽ | • എസ് .എസ് കോർണർ സജ്ജീകരിക്കകൽ<br>• അധിക വായനക്കായുള്ള പത്രശകലങ്ങൾ പുസ്തകങ്ങൾ നൽകൽ | ജൂൺ മാസം അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | PTA |
| കുട്ടികളുടെ സമകാലിക അറിവ് വികസിപ്പിക്കാൻ | വിജ്ഞാന വീഥി -ആനുകാലിക സംഭവങ്ങൾ അസംബ്ളിയിൽ അവതരിപ്പിക്കൽ .വിശദാംശങ്ങൾ, | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | എസ്.എസ്<br>കോര്ണറിൽ പ്രദർശിപ്പിക്കാൻ | | | |
| പത്രവായന പോഷണം | • 8,9 ക്ലാസ്സുകാർക്ക് വിഷയാടിസ്ഥാനത്തിൽ പതിപ്പ് തയ്യാറാക്കൽ പ്രസിദ്ധീകരിക്കൽ<br>• പത്ര വാർത്ത തയ്യാറാക്കി അവതരിപ്പിക്കൽ | ആഗസ്റ്റ്, നവംബർ, ജനുവരി,ജൂലൈ | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| ചരിത്ര /ഭൂമിശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ അടുത്തറിയാൻ | • പഠന യാത്രകൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | PTA |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തൽ | • സ്കൂൾ പാർലമെന്റ് രൂപീകരണം<br>• പാഠഭാഗവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| പാഠഭാഗവുമായിബന്ധപ്പെട്ട കൂടുതൽ അറിവുനേടൽ | • സെമിനാർ,സംവാദം, പാനൽ ചർച്ച സംഘടിപ്പിക്കൽ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| മത്സര പരീക്ഷയിൽ മികവ് നേടാൻ പൊതുവിജ്ഞാനവികസനം | • "എന്റെ ജി.കെ" ക്വിസ് ചോദ്യങ്ങൾ നൽകൽ<br>• ക്വിസ് സംഘടിപ്പിക്കൽ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| ഉൾച്ചേർന്ന വിദ്യാഭ്യാസം | • ലളിതമായ ഡയഗ്രം ,ഫ്ലോ ചാർട്ട് ചിത്ര ശേഖരണം ഇവ നൽകുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |

# മേഖല : അടിസ്ഥാനശാസ്ത്രം യു പി & എച്ച് എസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | • കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് പാഠഭാഗവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ ചെയ്യുവാൻ ആവശ്യപ്പെടുന്നു<br>• പരീക്ഷണം നടത്തേണ്ട സാമഗ്രികൾ ഐസിടി വഴി വിശദീകരിക്കുന്നു<br>• പാഠഭാഗങ്ങളെ ആസ്പദമാക്കിയുള്ള മോഡൽ നിർമ്മാണം | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | PTA |
| നിരന്തരമായി ശാസ്ത്രാന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | • ക്ലാസ്സുകളിൽ ലഘുപ്രോജെക്റ്റുകൾ കൊടുത്ത് മെച്ചപ്പെട്ടവ സ്കൂളിലെ പൊതു വേദികളിൽ അവതരിപ്പിക്കുന്നു<br>• സെമിനാർ അവതരണം വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | |
| ഗണിതപരപമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | • പ്രത്യേക ക്ലാസ്സുകളും പ്രാക്ടിസും നൽകുക | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | |
| സയൻസ് ലാബ് സജ്ജമാക്കൽ | • ക്ലാസുകളിലേക്ക് ആവശ്യമായ പഠന സാമഗ്രികളും പഠനോപകരണങ്ങളും തയ്യാറാക്കൽ | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | PTA |

| | | | | |
|---|---|---|---|---|
| ദിനാചരണം | • സയൻസ് ക്ലബ്ബിലെ കുട്ടികളെകൊണ്ട് വിവിധ പരിപാടികൾ സംഘടിപ്പിക്കുക<br>• ക്വിസ് ,പോസ്റ്റർ ,ലഘുവിവരണം കുറിപ്പ് തയാറാക്കൽ തുടങ്ങിയവ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | **PTA** |
| സയൻസ് മാഗസിൻ | • ശാസ്ത്രത്വരയും കൗതുകവും ഉണർത്തുന്ന പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | **PTA** |
| ജീവിത സാഹചര്യങ്ങൾ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • പച്ചക്കറിത്തോട്ടം<br>• പരീക്ഷണകളരി .നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ രസകരമാക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷങ്ങളിലൂടെ ഒരു ശേഖരം തയ്യാറാക്കുന്നു | അക്കാദമിക വർഷം | | |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക | • ഉർജ്ജക്ലബ് ,ആരോഗ്യ ക്ലബ് ,ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട് തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>• വിവിധ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു<br>• ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസ്സുകൾ | അക്കാദമിക വർഷം | | |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപെടുത്തുക | • ഐസിടി യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തുന്നു<br>• പുതിയ കണ്ടെത്തലുകൾ ,ശാസ്ത്ര സത്യങ്ങൾ ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | | | |

# മേഖല :ഗണിതം യു പി & എച്ച് എസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയ ധാരണ കൈവരിക്കാൻ | • പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ<br>• മാത്സ് ക്ലിനിക് | ജൂൺ മാസം | ഗണിത അധ്യാപകർ | PTA |
| ഗണിതത്തിൽ അടിസ്ഥാന ശേഷി കൈവരിക്കാൻ | • വിവിധ കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു<br>• തെരഞ്ഞെടുത്ത ഗ്രൂപ്പ് 1 കുട്ടികൾക്കായി അടിസ്ഥാന ക്രിയകളിൽ പ്രാവീണ്യം ഉണ്ടാക്കുന്നു<br>• വർക് ഷീറ്റുകൾ ,ചാർട്ടുകൾ ,ക്ലാസിലെ മിടുക്കരായ കുട്ടികൾ ഇവയിലൂടെ അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കാൻ | അക്കാദമിക വർഷം | | |
| ഗണിത ക്ലിനിക് (ഗണിതത്തിൽ പിന്നോക്കകാരെ മുന്നിൽ എത്തിക്കാൻ ) | • ഏറ്റവും മികച്ച വിദ്യാർത്ഥികളെയും ദ്ധ്യാപകരെയും ഉൾപ്പെടുത്തി ഗണിത ക്ലിനിക് | അക്കാദമിക വർഷം | ഗണിത അധ്യാപകർ | |
| ഗണിത ലാബ് / ഗണിത ക്ലബ് | • ഗണിത ലാബ് സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുന്നു<br>• ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കുന്നു | മെയ്-ജൂൺ | | |
| സംഘബോധം ഉണ്ടാക്കൽ | • സംഘപഠനപ്രവർത്തനങ്ങൾ നൽകുന്നു | തുടർ പ്രവർ ത്തനം | | |

| | | | | |
|---|---|---|---|---|
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച ആശയങ്ങളുടെ പ്രാധാന്യം | • നിത്യജീവിതത്തിൽ നിന്നുമുള്ള ഉദാഹരണങ്ങൾ നൽകുന്നു .വർക് ഷീറ്റ് കൊടുക്കുന്നു | തുടർ പ്രവർ ത്തനം | | |
| ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | • ഇൻസ്ട്രുമെന്റ് ബോക്സിന്റെ ഉപയോഗം<br>• ശില്പശാലകൾ<br>• ഗണിത രൂപങ്ങൾ ഉണ്ടാക്കുന്നു | അക്കാദമിക വർഷം | ഗണിത അധ്യാപകർ | PTA |
| മത്സരവേദികളിലേക്ക് | • ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ<br>• മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | ടേമിൽ ഒന്ന് | | |
| എൽ ഡി കുട്ടികൾക്ക് സഹായകമായ പ്രത്യേക പഠന രീതികൾ, പ്രവർനത്തങ്ങൾ | • കളി ,പാട്ട് ,നിമ്മാണം, ഗെയിം ,പാറ്റേൺ മോഡൽ നിർമാണം | തുടർ പ്രവർത്തനം | ഗണിത അധ്യാപകർ | PTA |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | • മാസത്തിൽ ഒരു PTA നടത്തുന്നു | എല്ലാ മാസവും | HM | PTA |

# മേഖല :വിവരസാങ്കേതിക വിദ്യ യു.പി,എച്ച് .എസ് വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുക | • സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുക<br>• വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ ഐസിടി സഹായത്തോടെ നടപ്പിലാക്കൽ | അധ്യയന വർഷം | SITC,PSITC | PTA |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ | • സമഗ്രപഠനവിഭവങ്ങൾ ക്ലാസ് റൂം പ്രവർത്തനങ്ങളിലും പഠനാസൂത്രണത്തിലും കാര്യക്ഷമമായി ഉപയോഗിക്കുന്നതിനായി അധിക പരിശീലനം നൽകുന്നു | അധ്യയന വർഷം | | |
| പഠനപ്രവർത്തനങ്ങളിലൂടെ പ്രയോഗിക പരിശീലനം സാധ്യമാക്കുക | • ഡിജിറ്റൽ ന്യൂസ് പേപ്പർ തയ്യാറാക്കുന്നു<br>• ഷോർട് വീഡിയോസ് നിർമ്മിക്കുന്നു<br>• പഠനത്തിലൂടെ പരിചയിച്ച സാങ്കേതികവിദ്യ ഉപയോഗിക്കാനുള്ള കഴിവ് നേടുന്നു | അധ്യയന വർഷം | പരിശീലനം നേടിയ അധ്യാപകർ | PTA |
| ഡിജിറ്റൽ അച്ചടക്കം നടപ്പിലാക്കുക | • സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവത്കരണം<br>മാറി വരുന്ന സാങ്കേതികവിദ്യയുടെ ഗുണങ്ങളോടൊപ്പം ദോഷങ്ങളും തിരിച്ചറിയുന്നു. | അധ്യയന വർഷം | | PTA |

# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പഠന നിലവാരം ഉയർ<br>ത്താൻ | • റിസോഴ്സ് അധ്യാപകരുടെ പ്രവർത്തനം ലഭ്യമാക്കൽ<br>• പ്രത്യേക പഠനാനുഭവങ്ങൾ ഒരുക്കൽ<br>• മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കൽ | അധ്യയന വർഷം | എച്ച് . എം<br>അധ്യാപകർ |
| സമൂഹത്തിന്റെ മുഖ്യധാര<br>യിലേക്ക്<br>കൊണ്ടുവരുവാൻ | • രക്ഷാകർതൃ ബോധവൽക്കരണം | അധ്യയന വർഷം | |

# ലഹരി വിമുക്ത പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| കുട്ടികളെ ലഹരി വിമുക്തരാക്കുക | ലഹരി വിമുക്ത ക്ലബ്ബ്പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ | അധ്യയന വർഷം മുഴുവൻ | എച്ച് . എം അധ്യാപകർ |
| കുട്ടികൾക്ക് ലഹരിക്കെതിരെ ബോധവൽക്കരണം നൽകുക | എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ നേതൃത്വം നൽകുന്ന ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ.<br>ഫ്ളാഷ് മോബ് സംഘടിപ്പിക്കൽ | അധ്യയന വർഷം | എച്ച് . എം അധ്യാപകർ |
| ലഹരിയുടെ ദോഷവശങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുക | • ലഹരിക്കെതിരെ റാലി,പോസ്റ്റർ രചന മത്സരങ്ങൾ എന്നിവ നടത്തൽ<br>• ലഹരിവിരുദ്ധ ദിനം സമുചിതമായി ആചരിക്കൽ<br>• പൊതുസ്ഥലങ്ങളിൽ ബോധവൽക്കരണം | അധ്യയന വർഷം | എച്ച് . എം അധ്യാപകർ |

# മേഖല :ഫിസിക്കൽ എഡ്യുക്കേഷൻ യു.പി, എച്ച്. എസ് വിഭാഗങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| To develop physical fitness among students | General warm up and warm down exercises, Dynamic stretching | Current Academic year | Physical Education Teacher |
| To promote skill development,improve social & emotional skills,faster a love for physical activity. | Minor Games | Current Academic year | Physical Education Teacher |
| Improve cardio vascular health,build co ordination,promote team work,enhancing motor skills<br>● To teach Laws of games<br>● Court measurements<br>● Officiating<br>● Various skills<br>● scope of games | Major Games<br>• Football<br>• Kho-Kho<br>• Badminton | Current Academic year | Physical Education Teacher |

# മേഖല : തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

ചുറ്റുപാടിനെ അറിയുന്നതിനും സ്വാംശീകരിക്കുന്നതിനും നമുക്ക് ആവശ്യമായ ആഹാരം ,വസ്ത്രം ,പാർപ്പിടം ,ഉപകരണങ്ങൾ ഈ കാണുന്നതൊക്കെയും ഒരുപാട് മനുഷ്യരുടെ ബുദ്ധിശക്തിയും ശാരീരിക അധ്വാനവും ചേർന്നതാണ് .നാം പഠിക്കുന്ന വിഷയങ്ങളിലൂടെ നേടുന്ന ആശയങ്ങളെ വിവിധ തൊഴിലുകൾക്കായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള ശേഷികൾ ആർജിക്കുവാനും നേടുന്ന ശേഷികൾ പ്രയോജനപ്പെടുത്താനും ഉദ്ദേശിച്ചിട്ടുള്ളതാണ് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം .കൈകൊണ്ട് പ്രവർത്തിക്കുക അതിനായുള്ള സജ്ജീകരണം ഒരുക്കുക, സന്നദ്ധത ഉണ്ടാക്കുക ,ഉപകരണങ്ങൾ സൂക്ഷ്മതയോടെ പ്രയോജനപ്പെടുത്തുക, ലക്ഷ്യ ബോധത്തോടെ കഴിവുകൾ ഏകോപിപ്പിക്കുക, എന്നിങ്ങനെ നിരവധി നൈപുണികൾ ചേർന്നതാണ് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയുടെ സമഗ്ര വികസനം | • കൃഷിയെക്കുറിച്ചും ശാസ്ത്രീയ കൃഷിരീതിയെ കുറിച്ചും അറിവ് കൊടുക്കുന്നു | അക്കാദമിക വർഷം | Work Experience Teacher | PTA |
| ശുചീകരണം | • ആരോഗ്യവും ആരോഗ്യ പരിപാലനവും | അക്കാദമിക വർഷം | | PTA |
| സ്വയം പര്യാപ്തത, സ്വയം വരുമാന മാർഗം<br><br>മേളയോട് അനുബന്ധിച്ച പ്രവർത്തനങ്ങൾ | • ബുക്ക് ബൈൻഡിങ്<br>• വെജിറ്റബിൾ പ്രിന്റിങ്<br>• അലങ്കാര വസ്തുക്കളുടെ നിർമ്മാണം<br>• ഉപയോഗമില്ലാത്ത വസ്തുക്കളുടെ പുനർനിർമാണം<br><br>• ഗ്രോബാഗ് നിർമാണം | അക്കാദമിക വർഷം | | PTA |

# മൂല്യബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വയം പര്യാപ്തത<br>സ്വയം തൊഴിൽ നേടൽ | സ്കൂളിൽ നേര് കട (HONESTY SHOP)എന്ന സംരംഭം ആരംഭിച്ചു | അധ്യയന വർഷം | SPC UNIT | PTA |
| സേവന മനോഭാവം | സ്നേഹപൂർവ്വം പദ്ധതി ആഴ്ചയിൽ ഒരു ദിവസം 1 രൂപ വീതം സംഭരിച്ച് കുട്ടികളുടെ തന്നെ ചികിത്സ ചെലവിന് നൽകുന്നു | അധ്യയന വർഷം | JRC Unit | PTA |

# സ്കൂൾ ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളിലെ വായനാ ശീലം മെച്ചപ്പെടുത്താൻ<br>• അക്കാദമിക് മേഖലയിൽ വിദ്യാർത്ഥികൾക്ക് വിവര ശേഖരണം നൽകാൻ<br>• സാഹിത്യാഭിരുചി വളർത്താൻ<br>• മാനസികോല്ലാസത്തിന് വായന ശീലമാക്കാൻ | • വിദ്യാർത്ഥികൾക്ക് ഏറ്റവും അത്യാവശ്യമായ പ്രസിദ്ധീകരണങ്ങളും വായനയ്ക്ക് സഹായിക്കുന്ന പുസ്തകങ്ങളും സൂക്ഷിക്കുന്ന ഒരിടമായി ലൈബ്രറി സജ്ജീകരിക്കൽ<br>• കുട്ടികൾക്ക് പ്രിയപ്പെട്ട ഇടമായി ലൈബ്രറിയെ ക്രമീകരിക്കൽ<br>• ലൈബ്രറി പ്രവർത്തനങ്ങളിൽ കുട്ടികളുടെപ ങ്കാളിത്തം ഉറപ്പുവരുത്തൽ<br>• ലൈബ്രറി പിരീഡുകളിൽ കുട്ടികൾക്ക് ലൈബ്രറിയിൽ വന്നിരുന്ന വായിക്കുവാനുള്ള സജികരണം | അധ്യയന വർഷം | ലൈബ്രറി കൺവീനർ<br>അധ്യാപകർ<br>എച്ച് . എം | PTA |

# ക്ലാസ് പി.ടി.എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്താൻ | ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ | അധ്യയന വർഷം | അധ്യാപകർ എച്ച് . എം |
| രക്ഷകർത്താക്കളുടെ ഗുണാത്മകമായ ഇടപെടലുണ്ടാകുന്നതിന് | പഠനപുരോഗതി പരിശോധിക്കൽ | അധ്യയന വർഷം | അധ്യാപകർ എച്ച് . എം |

# എസ് ആർ ജി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്കാദമിക് നിലവാരം മെച്ചപ്പെടുത്താൻ<br><br>പ്രവർത്തനങ്ങൾ മെച്ച പ്പെടുത്തുന്നതിനുള്ള തന്ത്ര ങ്ങൾ വികസിപ്പിക്കാൻ | എസ് ആർ ജി ചേർന്ന് ക്ലാസ് റൂം പഠനാനുഭവങ്ങൾ,പഠനനേട്ടം,പഠനവിടവ്എന്നിവ അവലോകനം ചെയ്യൽ | പ്രതിമാസം | |
| സമഗ്ര ഗുണമേന്മ വിദ്യാ ഭ്യാസ പദ്ധതി കാര്യക്ഷമ മായി നടപ്പിലാക്കാൻ | അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കൽ | അധ്യയന വർഷം | |
| .ക്ലാസ് റൂം പഠനാനുഭവ ങ്ങൾ,മികവുകൾ ,തെളിവു കൾ പഠനനേട്ടം എന്നിവ പങ്കുവെക്കാൻ | കൃത്യമായ ഇടവേളകളിൽ വിലയിരുത്തൽ അക്കാദമി തലത്തിൽ അനുഭവപ്പെടുന്ന അധ്യയന വർഷം<br>പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ | അധ്യയന വർഷം | |
| പരിഹാര പ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ | നിരന്തര മൂല്യനിർണയം,ആത്യന്തിക മൂല്യ നിർണയം എന്നിവ പ്രായോഗികമാക്കു ന്നതിനുള്ള രീതികൾ വികസിപ്പിക്കൽ<br>➢ പ്രതിമാസ കലണ്ടർ,വിദ്യാലയ മികവുകൾ എന്നിവ മികച്ച രീതിയിൽ തയ്യാറാക്കൽ | | |

# പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യ മാണ് എന്ന യാഥാർഥ്യം മനസ്സിലാക്കുന്നതിന് | • ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തപോഷകസമൃദ്ധമായ ഉച്ചഭക്ഷണംനൽകൽ<br>• കടകളിൽ നിന്നും വീട്ടിൽ നിന്നും കഴിക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ചേരുവ പട്ടികപ്പെടുത്തി അവയുടെ ഗുണദോഷങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കൽ<br>• കേരളീയ ഭക്ഷണങ്ങളും പാനീയങ്ങളുംപരിചയപ്പെടുത്താൻ മേളകൾ സംഘടിപ്പിക്കൽ | അധ്യയന വർഷം | സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി<br>സ്കൂൾ സ്റ്റാഫ്<br>പി.ടി.എ | വിദ്യാഭ്യാസ വകുപ്പ്<br>സ്പോൺസർഷിപ്പ് |
| ഗുണമേന്മയുള്ള ആഹാര ങ്ങൾ പരിചയപ്പെടുന്നതിന്<br><br>പഞ്ചസാരയുടെ ദോഷവശങ്ങൾ കുട്ടികളെ മനസിലാക്കൽ | • പോഷകസമൃദ്ധമായ രുചികരമായ ഭക്ഷണ വിഭവങ്ങൾ ഉൾപ്പെടുത്തി വിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശപ്രകാരം സമൃദ്ധമായഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കൽ<br>• ഷുഗർ ബോർഡ് സ്ഥാപിക്കൽ<br>• അവബോധ ക്ലാസ്സുകൾ | അധ്യയന വർഷം | | |

# കുടിവെള്ള വിതരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കാൻ | ശുദ്ധജല വിതരണ ശൃംഖലയിലെ ജലം എല്ലാ ടാങ്കുകളിലും എത്തുന്നതിനുള്ള ക്രമീകരണം കൃത്യതപ്പെടുത്തൽ<br>പുതിയ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ<br>കുടിവെള്ളത്തിനായി പ്രത്യേകം സൗകര്യം ഒരുക്കൽ | അധ്യയന വർഷം | അധ്യാപകർ<br>എച്ച് . എം<br>പി.ടി.എ | പി.ടി.എ<br>സ്പോൺസർഷിപ്പ്<br>മാനേജ്മെൻറ് |

# മാലിന്യ സംസ്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശുചിത്വമുള്ള<br>അന്തരീക്ഷം ഒരുക്കാൻ | ജൈവമാലിന്യങ്ങളും അജൈവമാലിന്യ<br>ങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം<br>സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ<br>ഓരോ ക്ലാസിലും വേസ്റ്റ് ബിന്നുകൾ<br><br>സ്കൂൾ ഗ്രൗണ്ടിൽ മാലിന്യ സംസ്കരണ പ്ലാന്റ് | അധ്യയന വർഷം | അധ്യാപകർ<br>എച്ച് . എം<br>പി.ടി.എ |
| ശൗചാലയം | കുട്ടികളെ ശരിയായ വിധത്തിൽ മാലിന്യ<br>സംസ്കരണം നടത്തേണ്ടതിന്റെ പ്രാധാന്യം<br>ബോധ്യപ്പെടുത്തൽ, പ്രവർത്തനങ്ങളിൽ<br>ഏർപ്പെടാൻ സജ്ജരാക്കൽ | അധ്യയന വർഷം | |

# ഉപസംഹാരം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാനുള്ള പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി വരുന്ന സമഗ്രമായ ആസൂത്രണ കർമ്മ പദ്ധതിയാണല്ലോ അക്കാദമിക മാസ്റ്റർ പ്ലാൻ . ഓരോരുത്തരും ഈ യജ്ഞത്തിൽ പങ്കാളികളായി, സ്വന്തം കടമ നിറവേറ്റി വിദ്യാലയത്തെ ഒരു സാമൂഹ്യ സ്ഥാപനമാക്കി നമുക്ക് മാറ്റിയെടുക്കാം. നമ്മുടെ വിദ്യാലയത്തിൻ പൈതൃകവും സംസ്കാരവും കാത്ത് സൂക്ഷിക്കുന്നതിനും ,കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും, കുട്ടികളെ മൂല്യബോധമുള്ള പൗരന്മാരാക്കി വളർത്തിയെടുക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു .